രുന്ന തീർത്ഥാടകർക്ക് വെയിലും മഴയും ഏൽക്കാതിരിക്കുവാൻ നടപ്പന്തൽ ശരംകുത്തിവരെ നീട്ടുന്ന ജോലി, പമ്പയിൽ പുതിയ ലാട്രിൻ കോംപ്ലക്സുക ളുടെ നിർമ്മാണം, പമ്പ പോലീസ് ഡോർമെറ്ററി കെട്ടിടത്തിന്റെ നിർമ്മാണം, പോലീസ് ബാരക്കിന്റെ നിർമ്മാണം, പമ്പ ത്രിവേണിപാലം മുതൽ ഗണപതി ക്ഷേത്രംവരെയുള്ള പാതയുടെ നവീകരണം, പമ്പാ വർക്കിംഗ് ഗ്രൗണ്ടിന്റെ നവീകരണം, ചാലക്കയം പമ്പാ റോഡിന്റെ വികസനം, പോലീസ്-ദേവസ്വം ജീവനക്കാരുടെ മെസ്സിന്റെ വിപുലീകരണത്തിനായി, സ്റ്റീം ബോയിലറുകളും മറ്റ് ആധുനിക സംവിധാനരീതികളും സ്ഥാപിക്കൽ തീപിടുത്തം ഉണ്ടായാൽ അത് നിയന്ത്രിക്കുന്നതിനായി പമ്പയിലും സന്നിധാനത്തും കൂടുതൽ ഫയർ ഹൈഡ്രന്റുകൾ സ്ഥാപിക്കൽ ശബരിമലയിൽ കേടായ പഴയ കേബിളുകൾ മാറ്റി പകരം പുതിയ കേബിളുകൾ ഇട്ട് ജനറേറ്റർ സംവിധാനം മെച്ചപ്പെടു ത്തുക, വൈദ്യുതി തടസ്സം നേരിട്ടാൽ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ പമ്പ യിൽ 325 കെ.വി.എ. യുടെ ഒരു ജനറേറ്റർ സ്ഥാപിച്ചത്, പമ്പാ പാർക്കിംഗ് ഗ്രൗണ്ട് കോൺക്രീറ്റ് ചെയ്ത് കൂടുതൽ വാഹനങ്ങൾ പാർക്കുചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തിയത് എന്നിവയായിരുന്നു പ്രധാന ജോലികൾ. ഈ കാലയളവിൽ പ്രസ്തുത മരാമത്ത് പണികൾക്കുമാത്രമായി 1996-97-ൽ 5 കോടിയോളവും 1997-98-ൽ 7 കോടിയോളവും 1998-99-ൽ 9 കോടിയോളവും ഉൾപ്പെടെ ആകെ 21 കോടിയോളം രൂപ ചെലവായിട്ടുണ്ട്.

(എഫ്)-(എച്ച്) തീർത്ഥാടനകാലത്ത് അല്ലാതെ സാധാരണ മാസങ്ങ ളിലെ അഞ്ച് ദിവസങ്ങളിൽ ശബരിമലയിൽ എത്തുന്ന അയ്യപ്പഭക്തൻമാർക്ക് പൊതുവെ ബുദ്ധിമുട്ടുകൾ ഉണ്ടാകാറില്ല. എന്തെങ്കിലും ചെറിയ ബുദ്ധിമുട്ടു കൾ ഉണ്ടായാൽ അവ പരിഹരിക്കുവാൻ ദേവസ്വംബോർഡ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ അവസരങ്ങളിൽ വാഹനസൗകര്യം പൊതുവെ കുറ വാണ് എന്ന പരാതി ഉണ്ടാകാറുണ്ട്. മലയാളമാസങ്ങളിലെ അവസാനത്തെ ദിവസം മുതൽ തുടർച്ചയായി മൂന്നു ദിവസങ്ങളിലെങ്കിലും സംസ്ഥാനത്തെ പ്രധാന ട്രാൻസ്പോർട്ട് ഡിപ്പോകളിൽ നിന്നും ആവശ്യാനുസരണം പമ്പയി ലേയ്ക്ക് ബസ് സർവീസ് ഏർപ്പെടുത്തിയാൽ ഈ അവസരങ്ങളിലെ ഗതാഗത പ്രശ്നത്തിന് പരിഹാരമാകുന്നതാണ് എന്ന് ദേവസ്വംബോർഡ് അറിയിച്ചി ട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

70 (1519) ഗുരുവായൂർ ദേവസ്വം കമ്മിറ്റി

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം കമ്മിറ്റിക്കെതിരെ ആരെല്ലാം ആരോ പണം ഉന്നയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ആരോപണങ്ങൾ എന്തെല്ലാമാണ്;

(സി) ഈ ആരോപണങ്ങളെപ്പറ്റി അന്വേഷണം നടത്തുന്നുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ; ഈ ആരോപണങ്ങളിൽ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റിക്കെതിരെ ഉള്ള വയും മാനേജിംഗ് കമ്മിറ്റി ചെയർമാനെതിരെ ഉള്ളവയും ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) ഇപ്പോൾ ഗുരുവായൂർ ദേവസ്വം മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) "കൗൺസിൽ ഓഫ് ഡിവോട്ടീസ് ഇന്ററസ്റ്റഡ് ഇൻ ഗുരുവായൂർ ശ്രീകൃഷ്ണ ടെമ്പിൾ അഡ്മിനിസ്ട്രേഷൻ" എന്ന സംഘടനയും ഗുരുവായൂർ ദേവസ്വം ജീവനക്കാരും ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്.

(ബി) അഴിമതി ആരോപണങ്ങൾ, ദേവസ്വം ഫണ്ട് ദുർവിനിയോഗം ചെയ്യൽ തുടങ്ങിയവയാണ് പ്രധാനമായും ഉന്നയിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

(ഡി) വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്. നിയമന കാര്യങ്ങളെക്കുറിച്ചും മറ്റും പൊതുവായ ആരോപണങ്ങൾ കമ്മിറ്റിക്കെതിരെ ഉന്നയിച്ചിട്ടുണ്ട്. അത് കൂടാതെ ബാങ്കുകളിൽ ദേവസ്വം ഫണ്ട് നിക്ഷേപിക്കുന്നത്, കാർ സ്വകാര്യ ആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്യൽ, ശ്രീവത്സം ഗസ്റ്റ്ഹൗസ് സൗകര്യം ദുരുപയോഗപ്പെടുത്തുക, ടെലിഫോൺ സൗകര്യങ്ങൾ ദുർവിനിയോഗം ചെയ്യുക തുടങ്ങിയ ആരോപണങ്ങളും അഴിമതി ആരോപണങ്ങളും ചെയർമാനെതിരെയും ഉന്നയിച്ചിട്ടുണ്ട്.

(ഇ)	1)	സാമൂതിരിരാജാ	സ്ഥിരാംഗങ്ങൾ
	2)	മല്ലിശ്ശേരി ഇല്ലത്തെ കാരണവർ	"
	3)	തന്ത്രി (എക്സ് ഒഫിഷ്യോ)	"
	4)	പ്രൊ. കെ.ആർ. രാമൻ കർത്താ	മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്തവർ
	5)	ശ്രീ. പി.കെ. നാരായണപണിക്കർ	"
	6)	ശ്രീ. മാടപ്പാട്ട് മുരളി	"
	7)	ശ്രീ. വി.കെ. ബാബു	"
	8)	ശ്രീ. കെടാമംഗലം സദാനന്ദൻ	"
	9)	ശ്രീ. എ. രാധാകൃഷ്ണൻ (ജീവനക്കാരുടെ പ്രതിനിധി)	"

71 (1520) ദേവസ്വംബോർഡിൽ ആശ്രിതർക്ക് ജോലി

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വംബോർഡിൽ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി അനുസരിച്ച് നിയമനം നൽകുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർക്ക് നിയമനം നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അവർ ഏത് വർഷം മുതലുള്ള അപേക്ഷകരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly